**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **31-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ; | (എ) | ശാസ്ത്രക്വിസ്, മണിനാദം ജില്ലാതലം മത്സരം, ലഹരിവിരുദ്ധ കലാജാഥ പരിശീലനം എന്നിവയാണ് മലപ്പുറം മണ്ഡലത്തിൽ വച്ച് സംഘടിപ്പിച്ച യുവജനക്ഷേമ പദ്ധതികൾ.<br><br>**ശാസ്ത്രക്വിസ് -** വിദ്യാർത്ഥികളിൽ ശാസ്ത്ര ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോട്ടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ശാസ്ത്രക്വിസ് സംഘടിപ്പിച്ചു.<br><br>**മണിനാദം ജില്ലാതലം മത്സരം -** നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന നാടൻപാട്ട് മത്സരം.<br><br>**ലഹരിവിരുദ്ധ കലാജാഥ പരിശീലനം -** മയക്കുമരുന്നിനെതിരെ സംഘടിപ്പിക്കുന്ന യുവതികളുടെ കലാജാഥയുടെ പരിശീലനം<br><br>ഷോർട്ട്ഫിലിം ഫെസ്റ്റിവൽ, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് - വിവാഹ കൗൺസിൽ, നീന്തൽ പരിശീലനം, സെവൻസ് ഫുട്ബോൾ മത്സരം, കബഡി മത്സരം, വോളിബോൾ മത്സരം, മാരിവിൽ ക്യാമ്പ്, ട്രക്കിംഗ്, സാഹിത്യക്യാമ്പ്, ടീം കേരള പരിശീലനവും പാസിംഗ് ഔട്ട് പരേഡും, ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കതിർ - കാർഷിക ക്ലബ്ബ് രൂപീകരണം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവമാധ്യമ ക്യാമ്പ്, ഫിഫ വേൾഡ് കപ്പ്, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, യുവജന ദിനാചരണം, വനിതാ ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി എന്നിവയാണ് യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കി വരുന്ന മലപ്പുറം മണ്ഡലത്തിന് പ്രാതിനിധ്യം ലഭിക്കുന്ന വിവിധ പരിപാടികൾ. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ; | (ബി) | ശാസ്ത്രക്വിസ്, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവജന ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി, ലഹരിവിരുദ്ധ കലാജാഥ അവതരണം എന്നിവയാണ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**ശാസ്ത്രക്വിസ് -** ഹൈസ്കൂൾതലം, നിയമസഭ നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്രക്വിസ് സംഘടിപ്പിക്കുന്നത്. ഇതിൽ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**സാഹിത്യക്യാമ്പ് -** സംസ്ഥാനതലത്തിൽ തെക്കൻമേഖല, വടക്കൻമേഖല എന്നീ രണ്ട് മേഖലകളിലായിട്ടാണ് സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്. ഇതിൽ വടക്കൻമേഖല ക്യാമ്പ് 2024 ജനുവരി 21 മുതൽ 24 വരെ വയനാട് ജില്ലയിലെ വൈത്തിരിയിൽ വച്ച് സംഘടിപ്പിച്ചു. തെക്കൻമേഖലാ ക്യാമ്പ് 2024 ഫെബ്രുവരി 10 മുതൽ 14 വരെ തിരുവനന്തപുരം ജില്ലയിലെ കോവളത്തുവച്ച് സംഘടിപ്പിക്കും.<br><br>**അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം -** അവളിടം ക്ലബ്ബ് തൊഴിൽ പരിശീലന ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.<br><br>**കേരളോത്സവം -** ഗ്രാമ, മുൻസിപ്പൽ, ബ്ലോക്ക്, കോർപ്പറേഷൻ, ജില്ലാതല കേരളോത്സവങ്ങളും ദേശീയ യുവോത്സവ കലോത്സവങ്ങളും സംഘടിപ്പിച്ചു.<br><br>**സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം -** വിവിധ മേഖലകളിലെ യുവപ്രതിഭകൾക്കും ക്ലബ്ബുകൾക്കും പുരസ്കാരങ്ങൾ നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയം പൂർത്തിയായി വരുന്നു.<br><br>**ദേശീയ യുവജന ദിനാചരണം -** ദേശീയ യുവജനദിനമായ ജനുവരി 12 ന് എല്ലാ ജില്ലകളിലും യുവജനദിനം ആചരിച്ചു.<br><br>**ലഹരി വിരുദ്ധ ദിനാചരണം -** ലോക ലഹരി വിരുദ്ധ ദിനമായ ജനുവരി 26 ന് എല്ലാ ജില്ലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.<br><br>**ലോക പരിസ്ഥിതി ദിനാചരണം -** ലോക പരിസ്ഥിതി ദിനാചരണമായ ജൂൺ 5 ന് എല്ലാ ജില്ലകളിലും |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി ദിനം ആചരിച്ചു.<br><br>**യുവശക്തി പദ്ധതി -** യുവശക്തി പദ്ധതിയുടെ ഭാഗമായി ഒന്നിൽകൂടുതൽ പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് യൂത്ത് കോർഡിനേറ്റർമാരെയും ജില്ലാടിസ്ഥാനത്തിൽ ജില്ലാ യൂത്ത് കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>**ലഹരിവിരുദ്ധ കലാജാഥ അവതരണം -** ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാജാഥകൾ സംഘടിപ്പിക്കുന്നു. |
| (സി) | ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ശാസ്ത്രക്വിസ്, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവജന ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി, ലഹരിവിരുദ്ധ കലാജാഥ അവതരണം എന്നിവയാണ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**ശാസ്ത്രക്വിസ് -** ഹൈസ്കൂൾതലം, നിയമസഭ നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്രക്വിസ് സംഘടിപ്പിക്കുന്നത്. ഇതിൽ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**സാഹിത്യക്യാമ്പ് -** സംസ്ഥാനതലത്തിൽ തെക്കൻമേഖല, വടക്കൻമേഖല എന്നീ രണ്ട് മേഖലകളിലായിട്ടാണ് സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്. ഇതിൽ വടക്കൻമേഖല ക്യാമ്പ് 2024 ജനുവരി 21 മുതൽ 24 വരെ വയനാട് ജില്ലയിലെ വൈത്തിരിയിൽ വച്ച് സംഘടിപ്പിച്ചു. തെക്കൻമേഖലാ ക്യാമ്പ് 2024 ഫെബ്രുവരി 10 മുതൽ 14 വരെ തിരുവനന്തപുരം ജില്ലയിലെ കോവളത്തുവച്ച് സംഘടിപ്പിക്കും.<br><br>**അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം -** അവളിടം ക്ലബ്ബ് തൊഴിൽ പരിശീലന ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.<br><br>**കേരളോത്സവം -** ഗ്രാമ, മുൻസിപ്പൽ, ബ്ലോക്ക്, കോർപ്പറേഷൻ, ജില്ലാതല കേരളോത്സവങ്ങളും ദേശീയ യുവോത്സവ കലോത്സവങ്ങളും സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | **സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം -** വിവിധ മേഖലകളിലെ യുവപ്രതിഭകൾക്കും ക്ലബ്ബുകൾക്കും പുരസ്കാരങ്ങൾ നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയം പൂർത്തിയായി വരുന്നു.<br><br>**ദേശീയ യുവജന ദിനാചരണം -** ദേശീയ യുവജനദിനമായ ജനുവരി 12 ന് എല്ലാ ജില്ലകളിലും യുവജനദിനം ആചരിച്ചു.<br><br>**ലഹരി വിരുദ്ധ ദിനാചരണം -** ലോക ലഹരി വിരുദ്ധ ദിനമായ ജനുവരി 26 ന് എല്ലാ ജില്ലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.<br><br>**ലോക പരിസ്ഥിതി ദിനാചരണം -** ലോക പരിസ്ഥിതി ദിനാചരണമായ ജൂൺ 5 ന് എല്ലാ ജില്ലകളിലും പരിസ്ഥിതി ദിനം ആചരിച്ചു.<br><br>**യുവശക്തി പദ്ധതി -** യുവശക്തി പദ്ധതിയുടെ ഭാഗമായി ഒന്നിൽകൂടുതൽ പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് യൂത്ത് കോർഡിനേറ്റർമാരെയും ജില്ലാടിസ്ഥാനത്തിൽ ജില്ലാ യൂത്ത് കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>**ലഹരിവിരുദ്ധ കലാജാഥ അവതരണം -** ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കമരുന്നിനെതിരായി കലാജാഥകൾ സംഘടിപ്പിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് മദ്യം, മയക്കമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനായി യുവജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ